compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2024 മാർച്ച് 05
**Tuesday, 05th March 2024**

1199 കുംഭം 21
**21st Kumbham 1199**

1945 ഫാൽഗുനം 15
**15th Phalguna 1945**

വാല്യം 13
**Vol. XIII**

നമ്പർ
**No.** **10**

## Part I

# Women and Child Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

## Abstract

WOMEN AND CHILD DEVELOPMENT DEPARTMENT—NIRBHAYA, KERALA STATE POLICY 2012—MODIFICATIONS—APPROVED—ORDERS ISSUED

WOMEN AND CHILD DEVELOPMENT (B) DEPARTMENT

G. O. (Ms.) No. 7/2023/WCDD. *Dated, Thiruvananthapuram, 18th November, 2023.*

*Read:*—(1) G.O. (MS.) NO. 17/2012/SWD dated 13-3-2012.

(2) Letter No. DWCD/4502/2022-NCPO1 dated 17-3-2023 from Director, Women and Child Development Department.

ORDER

As per the Government Order read as first paper above, Goverment have approved the draft framework of Nirbhaya, Kerala State Policy to combat the sexual violence and sex trafficking of women and children. Director, Women and Child Deveopment Department as per the letter read as (II) paper above had requested to approve the modifications made in the Nirbhaya, Kerala State Policy 2012.

(2) Government have examined the matter in detail and pleased to approve the modifications made in the Nirbhaya, Kerala State Policy 2012 to combat the sexual violence and sex trafficking of women and children, as appended to this Government Order.

By order of the Governor,

SANTHOSH KUMAR, T. K.,
*Additional Secretary.*

The Director, Women and Child Development Department, Thiruvananthapuram.
The State Co-ordinator, Nirbhaya Cell, Thiruvananthapuram.
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A&E), Kerala, Thiruvananthapuram.
The Accountant General (DB Cell), Kerala, Thiruvananthapuram.
Web and New Media (for publishing in the website)
Stock file, O.C.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# നിർഭയ പോളിസി – 2022

## 1. പശ്ചാത്തലം

കേരള സർക്കാർ സാമൂഹ്യക്ഷേമ വകുപ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ലൈംഗികാതിക്രമവും ലൈംഗിക കടത്തും തടയുന്നതിനായി സംസ്ഥാനത്ത് ആദ്യമായി നിർഭയ നയം 2012–ൽ വിജ്ഞാപനം ചെയ്തു.

ഇതിനെ തുടർന്നുള്ള ദശകത്തിൽ, സ്ത്രീകളുടെയും കുട്ടികളുടെയും അവകാശ സംരക്ഷണത്തിനായി നിരവധി നിയമങ്ങളും പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതിനാൽ പ്രസ്തുത നയത്തിൽ നിന്നും വളരെയധികം മാറ്റങ്ങൾ സംഭവിച്ചു. ഈ മാറ്റങ്ങൾ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരെ ലൈംഗികാതിക്രമങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും അതിജീവിതരുടെ പുനരധിവാസത്തിനും കുറ്റക്കാരെ വിചാരണ ചെയ്യുന്നതിനും നിലവിലുള്ള ഘടനകളെ ശക്തിപ്പെടുത്തുകയും പുതിയവ ഉൾക്കൊള്ളിക്കുകയും ചെയ്തു. അതോടൊപ്പം സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കേരളത്തിൽ ഒരു പുതിയ വകുപ്പ് രൂപീകരിക്കുകയും തൽഫലമായി അധികാര പരിധികളിൽ നിരവധി മാറ്റങ്ങൾ സംഭവിക്കുകയും ചെയ്തു.

ഇക്കഴിഞ്ഞ ദശകത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗികാതിക്രമങ്ങളുടെ എണ്ണത്തിലും തരത്തിലും ഉണ്ടായ വർദ്ധനവിന് സൈബർ ലോകത്തിനോടും സോഷ്യൽ മീഡിയയോടുമുള്ള ആസക്തി നിറഞ്ഞ പെരുമാറ്റം പ്രധാന പങ്ക് വഹിക്കുന്നു. കുടുംബങ്ങൾക്കുള്ളിൽ പോലും സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് ഭീഷണിയുണ്ടെന്ന് പാൻഡെമിക് കാലഘട്ടം തെളിയിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ ദുർബലമായ സാഹചര്യങ്ങളിൽ പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അവരെ പിന്തുണയ്ക്കാൻ ലഭ്യമായ വിഭവങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കേണ്ടത് അവർക്കെതിരായ ലൈംഗികാതിക്രമങ്ങൾ കൂടുതൽ ഫലപ്രദമായി നേരിടാൻ സഹായകമാകും. ആയതിന് തെളിവുകൾ അടിസ്ഥാനമാക്കിയുള്ള തീരുമാനങ്ങൾ എടുക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കേണ്ടതും, ബന്ധപ്പെട്ട പ്രവർത്തന മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന വകുപ്പുകളും ഏജൻസികളും തമ്മിൽ കൂടുതൽ ഏകോപനം ഉറപ്പാക്കുകയും, ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരിലും സമൂഹത്തിലൊന്നടങ്കം തന്നെയും ലിംഗാവബോധം സൃഷ്ടിക്കുകയും ചെയ്യേണ്ടതാണ്. നിർഭയ നയം നടപ്പിലാക്കു വാൻ ഉത്തരവാദിത്വമുള്ള നിർഭയ സെല്ലിന്റെ ശേഷി ഉചിതമായ രീതിയിൽ മെച്ചപ്പെടുത്തേണ്ടതും ആവശ്യമാണ്.

ഫീൽഡുതല ശാക്തീകരണങ്ങളാലും ലിംഗാവബോധവത്ക്കരണ ങ്ങളാലും സമൂഹത്തിന്റെ ഇടപെടലുകളും പങ്കാളിത്തവും, അതിജീവിതർക്ക് സ്ഥാപനവത്ക്കരണ ത്തിലൂടെയല്ലാത്ത ദീർഘകാല പുനരധിവാസം സാധ്യമാക്കാവുന്നതാണ്. അനിവാര്യമായ സന്ദർഭങ്ങളിലും അവസാന ആശ്രയമായും മാത്രമേ സ്ഥാപനവത്ക്കരണം അവലംബിക്കാവൂ.

ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക സുരക്ഷ തുടങ്ങിയ മേഖലകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ റെക്കോർഡ് നേട്ടമാണ് കേരളത്തിനുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗികാതിക്രമങ്ങൾക്കെതിരെയും പോരാടാൻ 2012–ലെ നിർഭയ നയത്തിലൂടെ അതായത് ഒരു ദശാബ്ദം മുമ്പ്, കേരളം സന്നദ്ധത കാണിച്ചു.



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഈ നയത്തിൽ കഴിഞ്ഞ ഒരു ദശകത്തിൽ സമൂഹത്തിലും, ചട്ടങ്ങളിലും സേവന വിതരണ സംവിധാനങ്ങളിലും സംഭവിച്ച എല്ലാ മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ടുള്ള വ്യതിയാനങ്ങൾ വരുത്തുകയും ഉയർന്നുവരുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ പ്രാപ്തമാക്കുകയും ചെയ്യേണ്ടതുണ്ട്. ഈ ആവശ്യകതകളെല്ലാം കണക്കിലെടുത്താണ്, 2012-ലെ നിർഭയ നയം അവലോകനം ചെയ്തിട്ടുള്ളത്.

**2. ലക്ഷ്യങ്ങൾ**

കേരളത്തിൽ, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗികാതിക്രമങ്ങൾക്കെതിരെ അസഹിഷ്ണുത വളർത്തുകയും അവ ഉറപ്പാക്കുകയും ചെയ്യുന്നു. അതിജീവിതർക്കും ദുർബലമായ സാഹചര്യങ്ങളിൽ ഉള്ളവർക്കും ആത്മവിശ്വാസത്തോടെയും അന്തസ്സോടെയും സമൂഹത്തിൽ ജീവിക്കാൻ സഹായിക്കുന്ന പിന്തുണാ സംവിധാനങ്ങൾ ലഭ്യമാക്കുന്നു. സ്ത്രീകളും കുട്ടികളും അവർക്കെതിരെയുണ്ടാകുന്ന ഏതൊരു തരത്തിലുള്ള ലൈംഗികാതിക്രമങ്ങളെയും അതിന്റെ അനന്തരഫലങ്ങളെയും ഭയപ്പെടാതെ അവരുടെ അവകാശങ്ങൾ ആസ്വദിച്ച് ജീവിക്കുന്നത് നയം വിഭാവനം ചെയ്യുന്നു.

**3. പരിധി**

എല്ലാ സ്ത്രീകൾക്കും കുട്ടികൾക്കും ഈ നയം ബാധകമായിരിക്കും. കുട്ടികളിൽ ആൺകുട്ടികളും പെൺകുട്ടികളും പതിനെട്ട് വയസ്സിന് താഴെയുള്ള ഭിന്നലിംഗമായി സംശയിക്കപ്പെടുന്നവരും ഉൾപ്പെടുന്നു.

പാർശ്വവത്ക്കരിക്കപ്പെട്ടവരും ഭിന്നശേഷിക്കാരും ചൂഷണത്തിനും ലൈംഗികാതിക്രമത്തിനും കൂടുതൽ ഇരയാകുന്നതിനാൽ അവരുടെ വെല്ലുവിളികൾക്ക് പ്രത്യേക ശ്രദ്ധ നൽകും.

ലൈംഗികാതിക്രമ അതിജീവിതരുടെയും ഈ ഭീഷണിക്ക് വിധേയരാക്കാൻ സാധ്യതയുള്ളവരുടെയും രക്ഷ, പ്രതിരോധം, സംരക്ഷണം, പ്രോസിക്യൂഷൻ, പുനരധിവാസം തുടങ്ങിയ എല്ലാവശങ്ങളും ഈ നയത്തിൽ ഉൾപ്പെടുത്തും. ഫലപ്രദമായ സ്ഥാപനവത്ക്കരണമില്ലാത്ത പുനരധിവാസം ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങളും ബന്ധങ്ങളും വികസിപ്പിക്കുന്നതിന് ഇത് ഊന്നൽ നൽകും.

(ജുഡീഷ്യൽ, മറ്റ് നിയമപരമായ സംവിധാനങ്ങൾ ഉൾപ്പെടെ അതിജീവിതരുടെ പിന്തുണക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന നയത്തിൽ അവർക്കായി വിവിധ സേവനങ്ങളും സ്കീമുകളും ബാധകമാക്കും)

**4. തത്വങ്ങൾ**

1985-ലെ യു.എൻ പ്രഖ്യാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന, കുറ്റകൃത്യത്തിനും അധികാര ദുർവിനിയോഗത്തിനും വിധേയരായവർക്കുള്ള നീതിയുടെ അടിസ്ഥാന തത്വങ്ങളാൽ നയത്തിലെ വ്യവസ്ഥകൾ നിയന്ത്രിക്കപ്പെട്ടും. കുട്ടികളുടെ കാര്യത്തിൽ, ബാലനീതിയുടെ തത്വങ്ങൾ, സെക്ഷൻ 3-ൽ നൽകിയിരിക്കുന്ന 2015 ലെ ബാലനീതി (കുട്ടികളുടെ പരിചരണവും സംരക്ഷണവും) നിയമവും ബാധകമായിരിക്കും.

**5. ഉദ്ദേശങ്ങൾ**

പോളിസിയുടെ ഉദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**(i) പ്രതിരോധം**

- സ്വകാര്യ-പൊതു സ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ ലൈംഗിക അതിക്രമങ്ങളോട് അസഹിഷ്ണുതാ സമീപനം ഉറപ്പാക്കുക.



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

- സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങളെ സഹജീവികളായി അംഗീകരിക്കാനും ബഹുമാനിക്കാനും സമൂഹത്തിൽ ഒരു മനോഭാവ മാറ്റം വളർത്തുക.

- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമത്തിന് കാരണമായതോ അതിന് സാധ്യതയുള്ളതോ ആയ എല്ലാ അപകട സാഹചര്യങ്ങളും മുൻകൂട്ടി കാണുകയും സജീവമായി ഇടപെടുകയും ചെയ്യുക.

**(ii) രക്ഷാപ്രവർത്തനം**

ലൈംഗികാതിക്രമ ഭീഷണി നേരിടുന്ന സ്ത്രീകളെയും കുട്ടികളെയും ഭീഷണിയില്ലാത്ത അന്തരീക്ഷത്തിലേക്ക് മാറ്റുക; അവരുടെ മൗലികാവകാശങ്ങൾ ഉയർത്തിപ്പിടിക്കാൻ അവർക്ക് ഉടനടി ഉചിതമായ പരിചരണവും പിന്തുണയും നൽകുക.

**(iii) പരിരക്ഷ**

ലൈംഗിക ചൂഷണത്തെ അതിജീവിച്ചവർക്ക് അവർ അഭിമുഖീകരിക്കുന്ന ശാരീരികവും സാമൂഹികവും മാനസികവും സാമ്പത്തികവും നിയമപരവും വൈകാരികവും സ്ഥാപനേതര പുനരധിവാസവും ഉൾപ്പെടെ ഓരോ ഘട്ടത്തിലും ആവശ്യമായ പരിരക്ഷ നൽകുക.

**(iv) പ്രോസിക്യൂഷൻ (കോടതി വ്യവഹാരം)**

- അതിജീവിതർക്ക് നിയമ/നീതിന്യായ വ്യവസ്ഥകൾ ലിംഗ വിവേചനമല്ലാത്തതും സൗഹൃദപരവുമാക്കുക.

- നിയമവസ്യവസ്ഥകളിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

- അതിജീവിതർക്ക് സമയബന്ധിതവും സൗജന്യവുമായ നിയമസഹായവും നൽകുക.

**(v) പുനരധിവാസം, പുനഃസ്ഥാപനം, കൈമാറ്റം, പുനരേകീകരണം, പുനസംയോജനം**

- സ്ഥാപനേതര പുനരധിവാസത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ആവശ്യമുള്ള സന്ദർഭങ്ങളിൽ മാത്രം സ്ഥാപന പുനരധിവാസം ഹ്രസ്വകാല സ്ഥാപന സംരക്ഷണം എന്ന നിലയിൽ നൽകുക.

- ഹ്രസ്വകാല സ്ഥാപനവൽക്കരണം സ്ഥാപനേതര പുനരധിവാസത്തി ലേക്കുള്ള ചവിട്ടുപടിയാക്കണം.

- ഒരു അതിജീവിത മറ്റൊരു രാജ്യത്തുനിന്നോ സംസ്ഥാനത്തു നിന്നോ ഉള്ളതാണെങ്കിൽ യഥാവിധിയോടെയുള്ള പുനരേകീകരണം അല്ലെങ്കിൽ കൈമാറ്റം, സ്ഥാപന പുരധിവാസ പ്രക്രിയയുടെ പ്രാഥമിക ഘടകമായിരിക്കും.

- ഓരോ അതിജീവിതർക്കും അടിയന്തിര പ്രാധാന്യത്തോടെ മാനസിക പ്രഥമ ശുശ്രൂഷ മെഡിക്കൽ, നിയമം, മാനസിക ചികിത്സ എന്നിവ ഉറപ്പാക്കുക.

- അതിജീവിതർക്ക് അവരുടെ ഫലപ്രദമായ പുനരധിവാസം, പുനഃസ്ഥാപനം, കൈമാറ്റം, പുനർസംയോജനം എന്നിവ ഉറപ്പാക്കുന്നതിനുള്ള ശേഷി



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വികസിപ്പിക്കുന്നതിനും ലൈംഗിക പീഡനം ആവർത്തിക്കുന്നത് ഒഴിവാക്കുന്നതിനും കുടുംബത്തെയും സമൂഹത്തെയും ബോധവത്ക്കരിക്കുക.

- അതിജീവിതരായ ഓരോ വ്യക്തിയുടെയും വ്യക്തിപരമായ ആവശ്യങ്ങൾക്കനുസൃതമായി, എത്രയും വേഗം അവരെ സാമൂഹിക മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് കൈത്താങ്ങാകുക. അതിജീവിതരെ സാമ്പത്തിക സ്വാതന്ത്ര്യത്തിനായി സജ്ജമാക്കുക. (പുനരധിവാസത്തിന് മറ്റ് മാർഗങ്ങളൊന്നുമില്ലാത്ത, ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ ദീർഘകാലത്തേക്ക് സ്ഥാപന പുനരധിവാസം ആശ്രയമാകുന്നവർക്ക്)

**(vi) ഏകോപനം, സമന്വയം, സഹകരണം**

നയാധിഷ്ഠിത സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിന് വിവിധ വകുപ്പുകൾ, സർക്കാർ, സർക്കാരിതര ഏജൻസികൾ, പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ (പി.ആർ.ഐ.കൾ) മറ്റ് പങ്കാളികൾ എന്നിവർ തമ്മിലുള്ള ഫലപ്രദമായ ഏകോപനം സുഗമമാക്കുക, അതിജീവിതരുടെ ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്ന ഫലപ്രദമായ ബന്ധങ്ങൾ കെട്ടിപ്പടുക്കുക.

- സീറോ ബഡ്ജറ്റ് സമീപനം സ്വീകരിച്ചുകൊണ്ട് സർക്കാർ പദ്ധതികൾ, ഫണ്ടുകൾ, പരിപാടികൾ എന്നിവയുമായി സംയോജിപ്പിക്കുന്നത് പരിഗണിക്കുക.

- നയവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഫലപ്രദമായ പങ്കാളിത്തം കെട്ടിപ്പടുക്കുന്നതിനോ പരസ്പര താത്പര്യമുള്ള പദ്ധതികൾ നടപ്പാക്കുന്നതിനോ അക്കാദമിക സ്ഥാപനങ്ങളുമായും ദേശീയ, അന്തർദേശീയ ഏജൻസികളുമായും സഹകരണം ഏറ്റെടുക്കുക.

**(vii) നിർവ്വഹണം**

വികസിപ്പിച്ചതും ഏകോപിപ്പിച്ചതുമായ കർമ്മപദ്ധതികളിലൂടെ നിർഭയ നയം നടപ്പാക്കുക.

**(viii) നിരീക്ഷണ സംവിധാനം**

നയനിർവ്വഹണം സംസ്ഥാനതല, വകുപ്പുതല, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ വഴി നിരീക്ഷിക്കുകയും, ആയത് സംസ്ഥാനവും നിർഭയസെല്ലും കൃത്യമായി വിജ്ഞാപനം ചെയ്യേണ്ടതുമാണ്.

**6. പോളിസി ഊന്നൽ നൽകുന്ന മേഖലകളും പ്രധാന ഇടപെടലുകളും**

**6. (1) ലൈംഗിക അതിക്രമങ്ങൾക്കെതിരെ ഫലപ്രദമായ പ്രതികരണം ഉണ്ടാക്കുക.**

- കേരളത്തിൽ ഉയർന്ന സാക്ഷരത ഉണ്ടായിട്ടും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളുടെ സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത് ലൈംഗിക സ്വഭാവമുള്ള വിവിധതരം കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായാണ്. കോവിഡ് മഹാമാരിക്കാലത്ത് ഉണ്ടായ ഇന്റർനെറ്റിന്റെയും സോഷ്യൽ മീഡിയയുടെയും വർദ്ധിച്ച ഉപയോഗ പ്രശ്നത്തിന് ഒരു പുതിയ മാനം നൽകി. എന്നിരുന്നാലും, 2012 ലെ നിർഭയ നയത്തിലെ പ്രധാന ശ്രദ്ധാകേന്ദ്രമായ ലൈംഗിക കടത്ത് നിലവിൽ കേരളത്തിൽ ഒരു പ്രധാന പ്രവണതയല്ല.



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

- പുതിയ നയത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ നിലവിലുള്ളതും ഉയർന്ന് വരുന്നതുമായ എല്ലാ ലൈംഗിക അതിക്രമങ്ങളും നിരീക്ഷിക്കുകയും അതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. അതോടൊപ്പം അവയ്ക്കെതിരെ ക്രിയാത്മകവും പ്രതിരോധപരവുമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. അതിനായി ദുർബല സാഹചര്യങ്ങളിലേക്ക് എത്തിപ്പെടുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തുകയും; സജീവമായ പ്രതിരോധ നടപടികളിലൂടെ അവരിലേക്ക് എത്തിച്ചേരുകയും, അവർക്ക് ഉടനടി ആശ്വാസകരവും ഫലപ്രദവുമായ പിന്തുണ നൽകുകയും ചെയ്യുന്നു. അതനുസരിച്ച് സംസ്ഥാനം ഈ സവിശേഷതകളെ ചുവടെ ചേർക്കും പ്രകാരം അഭിസംബോധന ചെയ്യാൻ ഉദ്ദേശിക്കുന്നു.

- നിലവിലുള്ളതും പുതുതായി ഉയർന്നുവരുന്നതുമായ ലൈംഗിക അതിക്രമങ്ങളോട് ജാഗ്രത പുലർത്തുക, (നിർബന്ധിത ഗർഭച്ഛിദ്രം, പെൺകുട്ടികളെ സുന്നത് എന്നിവയും ലൈംഗിക ദുരുപയോഗങ്ങളിൽ ഉൾപ്പെടുന്നതിനാൽ ഇവയുൾപ്പെടെയുള്ള പ്രശ്നങ്ങൾ), ഫലപ്രദമായ വിവരശേഖരണത്തിൽ അധിഷ്ഠിതമായ നിരീക്ഷണ സംവിധാനം വികസിപ്പിച്ചുകൊണ്ട് തെളിവുകൾ അടിസ്ഥാനമാക്കിയുള്ള ഇടപെടലുകൾക്ക് അടിസ്ഥാനം സൃഷ്ടിക്കുക.

- നൂതന സാങ്കേതിക വിദ്യകളുടെ ലോകത്തും സോഷ്യൽ മീഡിയയിലും മറ്റ് വഴികളിലും സ്ത്രീകളും കുട്ടികളും അഭിമുഖീകരിക്കുന്ന വർദ്ധിച്ചുവരുന്ന ലൈംഗിക ചൂഷണ ഭീഷണിയെ നിയന്ത്രണ നടപടികളിലൂടെയും സ്റ്റേക്ക് ഹോൾഡർമാരിൽ അവബോധം സൃഷ്ടിക്കുന്നതിലൂടെയും ശ്രദ്ധയിൽ കൊണ്ടുവരുക.

- സ്ത്രീകളും കുട്ടികളും നേരിടുന്ന ലൈംഗിക ചൂഷണങ്ങൾ ഫലപ്രദമായി തടയുക, അവരുടെ സംരക്ഷണം, സമയബന്ധിതമായ പ്രോസിക്യൂഷൻ എന്നിവയ്ക്കുള്ള നടപടികൾ ഉറപ്പാക്കുക; അതോടൊപ്പം പ്രത്യേക വെല്ലുവിളികൾ അഭിമുഖീകരിക്കേണ്ടിവരുന്ന സമൂഹത്തിലെ ദുർബലരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളും ഭിന്നശേഷിക്കാരായ വ്യക്തികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെടുത്തുക.

- ആത്മവിശ്വാസത്തോടെ തങ്ങൾക്കു നേരെയുണ്ടാകുന്ന ചൂഷണങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്ത്രീകളെയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ പ്രതികരണാത്മകവും സഹാനുഭൂതിയുള്ളതുമായ ഒരു സംവിധാനം ഏർപ്പെടുത്തുക.

- അതിജീവിതർക്ക് ആവശ്യമായ മാനസിക പ്രഥമ ശുശ്രൂഷ, ആരോഗ്യ-മനശ്ശാസ്ത്ര ചികിത്സ എന്നിവ ആദ്യമേ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ലൈംഗിക ചൂഷണം സംബന്ധിച്ച എല്ലാ കേസുകളിലും കൃത്യവും ഫലപ്രദവുമായ ഇടപെടലിനുമായി ഓരോ ജില്ലയിലും ഒരു എമർജൻസി റെസ്പോൺസ് ടീം രൂപീകരിക്കുക.

- ആവശ്യമുള്ളിടത്തെല്ലാം പോലീസ് പിന്തുണയോടെ, എന്നാൽ നിയമാനുസൃതമായ ആവശ്യകതകൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കി, എല്ലാ കേസുകളിലും ലിംഗവിവേചന രഹിതമായും രഹസ്യസ്വഭാവം നിലനിർത്തിക്കൊണ്ടും ലൈംഗികക്കടത്തിന്റെ സാഹചര്യങ്ങൾ ഉൾപ്പെടെയുള്ള ദുർബലമായ സാഹചര്യങ്ങളിൽ നിന്നും വ്യക്തികളെ രക്ഷിക്കുക.



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

- സംസ്ഥാനത്തിനകത്തും രാജ്യത്തിനകത്തും സ്ത്രീകളുടെയും കുട്ടികളുടെയും ലൈംഗിക കടത്തിലും, വിദേശത്ത് തൊഴിൽ തേടുന്ന സ്ത്രീകൾക്ക് അവരുടെ തൊഴിലുമായി ബന്ധപ്പെട്ടവർക്കിടയിൽ മെച്ചപ്പെട്ട ഏകോപനം, നിയന്ത്രണ നടപടികൾ ഫലപ്രദമായ നിർവഹണം എന്നിവയിലൂടെയും അവരുടെ സുസ്ഥിര പുനരധിവാസത്തിനായി പ്രതികരിക്കുക.
- ലൈംഗിക കടത്ത് തടയുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികളുടെ കഴിവുകൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് രക്ഷാപ്രവർത്തനശേഷി വർദ്ധിപ്പിക്കുകയും, അതേ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് ഏജൻസികളുടെ ലഭ്യമായ സ്രോതസ്സുകളുമായി ബന്ധങ്ങൾ കെട്ടിപ്പടുക്കുകയും ആയവ ശക്തിപ്പെടുത്തുകയും ചെയ്യുക.
- ജില്ലാതലത്തിൽ വനിത-ശിശു സുരക്ഷാ പ്രശ്നങ്ങളിൽ കൂടുതൽ ഫലപ്രദമായ ഇടപെടലുകൾക്കായി, ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ വനിതശിശുവികസന ഓഫീസറുടെ നേതൃത്വത്തിൽ നിർഭയ കമ്മിറ്റിയുടെയും വൺസ്റ്റോപ്പ് സെന്ററിന്റെ ടാസ്ക് ഫോഴ്സ് കമ്മിറ്റികളുടെയും സംയുക്ത ത്രൈമാസ യോഗങ്ങൾ നടപ്പിലാക്കുക.
- സർക്കാർ, സർക്കാരിതര ഏജൻസികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുമായി സഹകരിച്ച് ലൈംഗിക ചൂഷണങ്ങളുടെ ഫലമായുണ്ടാകുന്ന അപകടസാധ്യതകൾ കുറയ്ക്കുന്നതിന് ക്രിയാത്മകവും സജീവവുമായ നടപടികൾ സ്വീകരിക്കുക, കുട്ടികൾ ഉൾപ്പെടെയുള്ള പൊതു സമൂഹത്തിന്റെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.
- കിലയുടെ പിന്തുണയോടെ ജാഗ്രത സമിതികൾ, ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ തുടങ്ങിയ താഴെത്തട്ടിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക. അവരെ വാർഡ്തല വൾണറബിലിറ്റി മാപ്പിംഗ് ഉൾപ്പെടെയുള്ള കുട്ടികളുടെയും സ്ത്രീകളുടെയും സുരക്ഷാപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സജീവമായ നടപടികളിൽ ഉൾപ്പെടുത്തുക.

**6. (2) അതിജീവിച്ചവരുടെ അവകാശങ്ങളെ മാനിക്കുന്ന ഒരു സുസ്ഥിര പുനരധിവാസ തന്ത്രം രൂപപ്പെടുത്തുക.**

അതിജീവിതരുടെയും ദുർബലമായ സാഹചര്യങ്ങളിൽ ജീവിക്കുന്നവരുടെയും പുനരധിവാസത്തിനായി സ്ഥാപനവാസം അടിസ്ഥാനമാക്കിയുള്ള പരിചരണത്തിനാണ് മുൻകാലങ്ങൾ മുതൽ ഊന്നൽ നൽകിവന്നിരുന്നത്. എന്നിരുന്നാലും, അതിജീവിതരുടെയും ദുർബലരുടെയും പുനരധിവാസത്തിന്റെ ലക്ഷ്യം എത്രയുംവേഗം മുഖ്യധാരാ സമൂഹത്തിൽ ആത്മവിശ്വാസത്തോടെയും ആത്മാഭിമാനത്തോടെയും അന്തസ്സോടെയും ജീവിക്കാൻ കഴിയുക എന്നതാണ്. ആയതിനാൽ ഇനി മുതൽ സ്ഥാപനേതര പരിചരണത്തിലും സംരക്ഷണത്തിലും ആയിരിക്കും സംസ്ഥാനത്തിന്റെ പുനരധിവാസതന്ത്രം ശ്രദ്ധ കേന്ദ്രീകരിക്കുക. സ്ഥാപനേതര പുനരധിവാസത്തിൽ സ്ഥാപനപുനരധിവാസം ഒരു ഹ്രസ്വകാല നടപടിയോ, അടിയന്തിര സാഹചര്യത്തിൽ മാത്രം ആത്യന്തിക പുനരധിവാസത്തിലേക്കുള്ള ആദ്യപടിയായോ മാത്രമേ അവലംബിക്കുകയുള്ളൂ. പുനരധിവാസ പ്രക്രിയയിൽ, ഇത് ഫലപ്രദമായി ഉറപ്പാക്കുന്നതിന്, ഓരോ അതിജീവിതർക്കും അല്ലെങ്കിൽ ദുർബലരായ വ്യക്തിക്കും അവരുടെ



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആവശ്യങ്ങൾക്കനുസൃതമായി, സ്ഥാപനത്തിനകത്തായാലും പുറത്തായാലും ആവശ്യമായ പിന്തുണ നൽകേണ്ടതുണ്ട്.

ഭിന്നശേഷിക്കാരുടെയും പ്രത്യേക പരിചരണം ആവശ്യമുള്ള വ്യക്തികളുടെയും പുനരധിവാസത്തിനും ഈ സമീപനം ഒരുപോലെ ബാധകമായിരിക്കും. ഒരു അമ്മയും കുഞ്ഞും ഒരുമിച്ചോ അല്ലെങ്കിൽ കുട്ടികൾ മാത്രമായോ പുനരധിവസിക്കപ്പെടുന്നിടത്ത്, ഒരു കുടുംബമെന്ന നിലയിൽ അവരുടെ സംയുക്ത അവകാശങ്ങൾക്ക് പുറമെ, അവരുടെ വ്യക്തിഗത അവകാശങ്ങൾക്ക് പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടത് ആവശ്യമാണ്. അത്തരത്തിൽ ഇരുവരുടെയും മികച്ച താത്പര്യങ്ങൾ സംരക്ഷിക്കപ്പെടും. അതിനാൽ പുതിയ നയത്തിൽ പുനരധിവാസത്തിനായുള്ള നിലവിലുള്ള പിന്തുണാസംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും അത് കൂടുതൽ സ്വീകാര്യവും ഫലപ്രദമാക്കുന്നതിനും അതിജീവിതരായ എല്ലാപേരെയും ഉൾപ്പെടുത്തുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കും.

അതനുസരിച്ച് പുതിയ നിർഭയനയം ശ്രമിക്കുന്നത് :

- സ്ഥാപനേതര സംവിധാനങ്ങളിൽ ഫലപ്രദമായ പുനരധിവാസം ഉറപ്പാക്കാനുള്ള കഴിവ് വികസിപ്പിച്ചുകൊണ്ട് സ്ഥാപനവത്ക്കരിക്കാത്ത പുനരധിവാസത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

- അതിജീവിതരായ ഭിന്നശേഷിക്കാർ, ഗർഭിണികൾ, ഭിന്നലിംഗമായി സംശയിക്കപ്പെടുന്ന കുട്ടികൾ, അതിജീവിതരുടെ കുഞ്ഞുങ്ങൾ, വിദ്യാഭ്യാസം തുടരുന്ന പതിനെട്ട് വയസ്സിന് മുകളിലുള്ളവർ, എന്നാൽ ഉടനടി സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യാൻ സാധിക്കാത്തവർ എന്നിവരുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്ന (ഹ്രസ്വകാല സ്ഥാപനവത്ക്കരണം ഉൾപ്പെടെ) സമയബന്ധിതമായ പിന്തുണാ സംവിധാനങ്ങൾ നൽകുക.

- പുനരധിവാസം സ്ഥാപനത്തിലോ പുറത്തോ ആയാലും അതിജീവിതർക്ക് ആവശ്യമായ മാനസിക പിന്തുണ, വൈദ്യസഹായം, സുരക്ഷിതമായ താമസസ്ഥലം, മെച്ചപ്പെട്ട സൗകര്യങ്ങൾ, വിദ്യാഭ്യാസം, അവരുടെ കഴിവുകൾക്കനുസൃതമായി തൊഴിൽ പരിശീലനം, ജീവിത നൈപുണികൾ, സാമ്പത്തിക സാക്ഷരത എന്നിവയും സ്ത്രീകളുടെ കാര്യത്തിൽ സാമ്പത്തിക സ്വാതന്ത്ര്യം ഉൾപ്പെടെ സാധ്യമാക്കുന്ന പിന്തുണകൾ നൽകി അവരെ കൈപിടിച്ചുയർത്തി കഴിയുന്നതും നേരത്തെ സാമൂഹിക മുഖ്യധാരയിലേക്കെത്തിക്കുക.

- അതിജീവിതരായ കുട്ടികളെ ഹ്രസ്വകാലത്തേക്ക് പാർപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ, ബാലനീതി (കുട്ടികളുടെ സംരക്ഷണവും പരിപാലനവും) നിയമം 2015, ബാലനീതി മാതൃകാ ചട്ടങ്ങൾ 2016 എന്നിവ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അതിജീവിതരായ സ്ത്രീകൾ താമസിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും മാനേജ്മെന്റ് മാനുവൽ (സാമൂഹികനീതി വകുപ്പ്) പ്രകാരമുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടതാണ്.

- സ്ഥാപനങ്ങളിൽ പാർപ്പിച്ചിരിക്കുന്ന അതിജീവിതർക്ക് പരിചരണവും സംരക്ഷണവും നൽകുന്നതിനായി ജീവനക്കാരെ നിയമിക്കുകയും ഇവർക്കായി പ്രത്യേക പരിശീലന സാമഗ്രികളും കൈപ്പുസ്തകവും വികസിപ്പിച്ചെടുക്കുകയും, പരിചരണത്തിന്റെ ഗുണനിലവാരത്തിൽ ഏകീകൃതത ഉറപ്പാക്കാൻ അവർക്ക് പരിശീലനം നൽകുകയും



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചെയ്യുക. ട്രോമ കെയർ, മാനസിക-സാമൂഹിക ഇടപെടലുകൾ എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിലേക്ക് കൗൺസിലർമാരുടെ കഴിവ് വർദ്ധിപ്പിക്കുക.

- സാമൂഹ്യാധിഷ്ഠിത ഇടപെടലുകളിലൂടെ അതിജീവിതർക്ക് മാനസിക സാമൂഹിക പരിചരണം നിയമപരമായ പിന്തുണ, വിദ്യാഭ്യാസപരമായ പിന്തുണ എന്നിവ നൽകുന്നത് നടപ്പിലാക്കുക.
- മുഖ്യധാരയിലേക്ക് എത്തിച്ച ശേഷം അതിജീവിതയോ ഭീഷണി നേരിടുന്ന വ്യക്തിയോ, ആവർത്തന ചൂഷണങ്ങൾക്ക് വിധേയരാകാനുള്ള സാധ്യതകൾ ഒഴിവാക്കുന്നതിലേക്ക് അവർ ഇടപഴകുന്ന കുടുംബത്തെയും അവരുമായി ബന്ധപ്പെട്ടു നിൽക്കുന്നവരെയും ബോധവത്ക്കരിക്കുക.
- ഫലപ്രദമായ ആഫ്റ്റർ കെയർ പ്രോഗ്രാമുകളിലൂടെ കുട്ടികളെ മാത്രമല്ല, സ്ത്രീകളെയും പാർശ്വവത്ക്കരിക്കപ്പെട്ടവരെയും പൂർണ്ണമായും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നത് വരെ അവർക്കൊരു താങ്ങായി തുടരുക.

**6. (3) ലൈംഗികാതിക്രമം തടയുന്നതിലും അതിജീവിച്ചവരുടെ സംരക്ഷണത്തിലും പുനരധിവാസത്തിലും കുടുംബത്തിന്റെ പങ്ക് പ്രോത്സാഹിപ്പിക്കുക**

അടുത്തകാലത്തായി കുടുബത്തിന്റെ നിർവചനത്തിൽ അവിവാഹിതരായ കുടുംബങ്ങളെയും മാതാപിതാക്കളിൽ ഒരാളോ രണ്ടുപേരുമോ മുമ്പ് വിവാഹിതരായ കുടുംബങ്ങളെയും ഉൾപ്പെടുത്തിയിരിക്കുന്നു. അത്തരം കുടുംബങ്ങളിൽ നേരത്തേ വിവാഹിതരായവരുടെ കുട്ടികളും ഉൾപ്പെടാം. ഇത്തരം ചില കുടുംബങ്ങളിലെ കുട്ടികൾ കുടുംബത്തിനുള്ളിൽ ലൈംഗികാതിക്രമത്തിന് വിധേയരാകാനുള്ള സാഹചര്യം കൂടുതലാണ് എന്ന് അനുഭവങ്ങൾ സൂചിപ്പിക്കുന്നു.

ലോക്ക്ഡൗൺ കാലയളവിലെ ലൈംഗികാതിക്രമ കേസുകളുൾപ്പെടെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളും കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ നടന്ന മുതിർന്നവരുടെയും കുട്ടികളുടെയും ആത്മഹത്യ കളുടെ എണ്ണവും വെളിപ്പെടുത്തുന്നത് പലപ്പോഴും വീടുകൾ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിത താവളമല്ലെന്നാണ്.

ആയതിനാൽ കുടുംബം ഒരു യൂണിറ്റ് എന്ന നിലയിൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിനായി വിവാഹമെന്ന സ്ഥാപനത്തിനുള്ളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും ഉള്ള പങ്കാളിത്ത ഉത്തരവാദിത്തങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും പരസ്പരം വ്യക്തിഗത അവകാശങ്ങളെ മാനിക്കുന്നതിനെ ക്കുറിച്ചും ബോധവൽക്കരിച്ചുകൊണ്ട് ദാമ്പത്യത്തിൽ ആരോഗ്യകരവും തുല്യവുമായ പങ്കാളിത്തം ആദ്യം മുതലേ വളർത്തിയെടുക്കേണ്ടത് ആവശ്യമാണ്. വിവാഹത്തിനു മുമ്പുള്ള കൗൺസിലിംഗിലൂടെ ഇത് സാധ്യമാക്കാം.



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അതനുസരിച്ച്, പുതിയ നിർഭയ നയം ശ്രമിക്കുന്നത് :

- സ്ത്രീകളെയും കുട്ടികളെയും ലൈംഗിക പീഡനം ഉൾപ്പെടെ എല്ലാത്തരം ചൂഷണങ്ങൾക്കും എതിരെ പ്രതികരിക്കുന്നതിലേക്ക് കുടുംബത്തിന് ഒരു യൂണിറ്റ് എന്ന നിലയിൽ വഹിക്കാൻ കഴിയുന്ന ക്രിയാത്മകമായ പങ്ക് പ്രോത്സാഹിപ്പിക്കുക.
- പുരുഷന്മാരെയും സ്ത്രീകളെയും വിവാഹപൂർവവും പ്രസവപൂർവവുമായ കൗൺസിലിംഗിലൂടെ കുടുംബങ്ങൾ അഭിമുഖീകരിക്കാൻ സാധ്യതയുള്ള വെല്ലുവിളികളെ നേരിടാൻ സജ്ജരാക്കുക. ദുർബലവും വിദൂരവുമായ പ്രദേശങ്ങളിൽ പോലും അത്തരം കൗൺസിലിംഗിനുള്ള സാധ്യത ഉറപ്പാക്കുക.
- കുടുംബത്തിനുള്ളിലെ റോളുകളുടെ ജനാധിപത്യവത്ക്കരണം പ്രോത്സാഹിപ്പിക്കുക, കുടുംബത്തിനുള്ളിൽ ലിംഗാധിഷ്ഠിതമല്ലാത്ത, വലിപ്പച്ചെറുപ്പമില്ലാത്ത, സ്റ്റീരിയോടൈപ്പ് ചെയ്യാത്ത പെരുമാറ്റത്തിനും യോജിപ്പുള്ള സൗഹൃദപരമായ ഇടപെടലുകൾക്കും പരസ്പര ബന്ധങ്ങൾക്കും ഒരു വിലയേറിയ റോൾ മോഡൽ നൽകുക.

**6. (4) കുട്ടികളുടെ പരിചരണത്തിലും പരിപോഷണത്തിലും ഉത്തരവാദിത്തമുള്ള രക്ഷാകർതൃത്വത്തിന്റെ പ്രാധാന്യം എടുത്തുകാട്ടുക**

കുട്ടികളെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കുന്നതിലും ഉത്തരവാദിത്വമുള്ള പൗരന്മാരായി അവരെ രൂപപ്പെടുത്തുന്നതിലും മാതാപിതാക്കൾ ഏറ്റവും നിർണ്ണായകമായ പങ്ക് വഹിക്കുന്നു; കുട്ടികൾ അനുകരിക്കാൻ ശ്രമിക്കുന്ന ആദ്യത്തെ റോൾ മോഡലുകളും അവരാണ്. 2015-ലെ ബാലനീതി നിയമപ്രകാരം, കുട്ടിയുടെ പരിചരണം, പരിപോഷണം, സംരക്ഷണം എന്നിവയുടെ പ്രാഥമിക ഉത്തരവാദിത്വം ജീവശാസ്ത്രപരമായ കുടുംബത്തിനോ ദത്തെടുക്കുന്ന അല്ലെങ്കിൽ വളർത്തുന്ന മാതാപിതാക്കൾക്കോ ആയിരിക്കും എന്നതിലൂടെ കുടുംബങ്ങളുടെ ഉത്തരവാദിത്വത്തിന് ഊന്നൽ നൽകുന്നു.

ബാഹ്യശക്തികളുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്താൽ സമപ്രായക്കാരായ കുട്ടികളുടെ പെരുമാറ്റ പ്രശ്നങ്ങൾ, സൈബർ ലോകത്തിന്റെയും സോഷ്യൽ മീഡിയയുടെയും സ്വാധീനം, അല്ലെങ്കിൽ ദൈനംദിന ജീവിതത്തിൽ ആസക്തിയോടെയുള്ള പെരുമാറ്റ പ്രശ്നങ്ങൾ എന്നിവ, ലൈംഗിക അതിക്രമങ്ങൾക്ക് വഴിതെളിക്കുന്ന ദുർബലവും ചൂഷണാത്മകവുമായ സാഹചര്യങ്ങളിലേക്ക് കുട്ടികളെ എത്തിക്കാനുള്ള സാധ്യത ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. മിക്ക സന്ദർഭങ്ങളിലും, കുട്ടിയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ രക്ഷാകർതൃത്വം ആവശ്യപ്പെടുന്ന വ്യത്യസ്ത വെല്ലുവിളികൾ കൈകാര്യം ചെയ്യാൻ മാതാപിതാക്കൾ പ്രാപ്തരല്ല.

അതനുസരിച്ച്, പുതിയ നിർഭയനയം ശ്രമിക്കുന്നത് :

- കാലാകാലങ്ങളിൽ ശാസ്ത്രീയവും വ്യവസ്ഥാപിതവുമായ പ്രക്രിയയിലൂടെ വൾണറബിലിറ്റി മാപ്പിംഗ് നടത്തി ദുർബലരായ കുടുംബങ്ങളെ കണ്ടെത്തുക.
- സംയോജിത ശിശുവികസന പദ്ധതി, ശിശുസംരക്ഷണ പദ്ധതി എന്നിവയിലൂടെ നിലവിലെ രക്ഷിതാക്കൾക്കും, ഭാവിയിലെ രക്ഷിതാക്കൾക്കും ബോധവത്ക്കരണങ്ങൾ, കൂടാതെ രക്ഷാകർതൃ ക്ലിനിക്കുകൾ വഴി ഗർഭകാലം മുതലുള്ള ഒരു കുട്ടിയുടെ



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വളർച്ചയുടെ വിവിധ ഘട്ടങ്ങളും അവയിൽ ഉത്തരവാദിത്വമുള്ള രക്ഷാകർതൃത്വത്തിന്റെ അടിസ്ഥാന തത്വങ്ങളും, എന്നിവയിലുള്ള ബോധവത്ക്കരണം.

- വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്കൂൾ തലത്തിൽ ലഭ്യമായ പിടിഎ (പാരന്റ് ടീച്ചേഴ്സ് അസോസിയേഷൻ)/എസ്.എം.സി. (സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി) പോലുള്ള പ്ലാറ്റ്ഫോമുകൾ ഫലപ്രദമായ രക്ഷാകർതൃത്വത്തെക്കുറിച്ചും, കുട്ടികളെ ദുർബലമായ സാഹചര്യങ്ങളിലേക്ക് നയിക്കുന്ന ഘടകങ്ങളെക്കുറിച്ചും, ലിംഗപരമായ പ്രശ്നങ്ങളെ കുറിച്ചും രക്ഷിതാക്കളെ ബോധവത്ക്കരിക്കുന്നതിനും, പാർശ്വവത്ക്കരിക്കപ്പെട്ടവരും ഭിന്നശേഷിക്കാരും നേരിടുന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനും ഫലപ്രദമായി വിനിയോഗിക്കുക.

**6. (5) മെച്ചപ്പെട്ട രീതിയിൽ നിയമപരമായ സേവനങ്ങൾ ലഭ്യമാക്കുക**

ലൈംഗികാതിക്രമ അതിജീവിതർക്ക് നീതി ലഭ്യമാക്കുന്നതിന് നിയമവ്യവസ്ഥയും അടിസ്ഥാന പിന്തുണാ സംവിധാനങ്ങളും നിലവിലുണ്ടെങ്കിലും ശിക്ഷാനിരക്ക് ഇപ്പോഴും കുറവാണ്. കേസുകൾ അന്വേഷിക്കുന്നതിലും തീരുമാനങ്ങൾ എടുക്കുന്നതിലും ഉണ്ടാകുന്ന കാലതാമസം, അതിജീവിതരോടുള്ള സൗഹൃദപരമായ സമീപനത്തിന്റെയും, ലിംഗപരമായ വേർതിരിവുകളില്ലാത്ത അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവം എന്നിവയും നിലവിലുള്ള സംവിധാനങ്ങളുടെ പ്രധാന പോരായ്മകളാണ്. വിചാരണ വേളയിലും നീതിന്യായ വ്യവസ്ഥയിലും അതിജീവിതരുടെ ആവശ്യങ്ങൾ മനസ്സിലാക്കുന്നതിൽ ഉണ്ടാകേണ്ട സഹാനുഭൂതിയുടെ അഭാവം അവരെ വീണ്ടും ചൂഷണങ്ങളിലേക്ക് നയിക്കുന്നു.

അതുപോലെ, നീതിന്യായ വ്യവസ്ഥയിൽ നിന്നും, സംസ്ഥാന സർക്കാരിൽ നിന്നും ഇടക്കാല, അന്തിമ നഷ്ടപരിഹാരങ്ങൾക്കുള്ള വ്യവസ്ഥകൾ അതിജീവിതരെ പിന്തുണയ്ക്കാൻ ലഭ്യമാണെങ്കിലും, ആയതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസം, അതുമായി ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾക്കിടയിൽ ഫലപ്രദമായ ആശയ വിനിമയത്തിന്റെ അഭാവം, ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിലെ കാലതാമസം എന്നിവ പരിഹരിക്കപ്പെടേണ്ടതുണ്ട്.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം 2022 ഏപ്രിലിൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച ദുർബല സാക്ഷി വിസ്താര കേന്ദ്രങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നീതിന്യായ വ്യവസ്ഥയിലെ വിവിധ പോരായ്മകൾ പരിഹരിക്കാൻ ശ്രമിക്കുന്നു. ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ അതിജീവിതർക്ക് സൗജന്യ നിയമസഹായം, പിന്തുണ നൽകുന്ന വ്യക്തികൾ, ദ്വിഭാഷികൾ, പ്രത്യേക അധ്യാപകർ (ഭിന്നശേഷിക്കാരുടെ കേസുകളിൽ) അല്ലെങ്കിൽ പരിഭാഷകർ (ഭാഷ സംസാരിക്കാത്തവർക്ക്) തത്സമയ ലിങ്ക് സൗകര്യം, സാക്ഷ്യപത്ര സഹായങ്ങൾ, സൗകര്യപ്രദമായ വിശ്രമമുറിയുടെ ലഭ്യത, മൊഴിയെടുക്കൽ സുഗമമാക്കുന്നതിനുള്ള പ്രത്യേക നടപടികൾ എന്നിവ ഉൾപ്പെടുന്നു. അതിജീവിതർക്ക് അവരുടെ കേസുകൾ ഫലപ്രദമായി നടത്തുവാൻ പ്രാപ്തരാക്കുന്നതിന് ഏറ്റവും മികച്ച പിന്തുണ ലഭ്യമാണെന്ന് ഉറപ്പാക്കാൻ ഈ മാർഗ്ഗനിർദ്ദേശങ്ങൾ ശ്രമിക്കുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന രീതിയിൽ അതിജീവിതർക്ക് മെച്ചപ്പെട്ട നിയമസേവനങ്ങൾ ലഭ്യമാക്കുന്നതിലേക്ക് നിർഭയ നയം ഉദ്ദേശിക്കുന്നു.

- ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിവിധ നിയമങ്ങൾ, പദ്ധതികൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം അതിജീവിതരിലേക്ക് എത്തിച്ചേരേണ്ട സൗജന്യ നിയമസഹായവും മറ്റ് സഹായ സേവനങ്ങളും നൽകുന്നതിന് ലഭ്യമായ സൗകര്യങ്ങളെക്കുറിച്ച് മെച്ചപ്പെട്ട അവബോധം സൃഷ്ടിക്കുക.



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

- പരിശീലനത്തിലൂടെയും, ശേഷി വികസനത്തിലൂടെയും, സംയുക്ത യോഗങ്ങളിലൂടെയും, സൂഷ്മ നിരീക്ഷണത്തിലൂടെയും, ബന്ധപ്പെട്ടവരുടെ ഇടയിൽ ആശയവിനിമയം മെച്ചപ്പെടുത്തുക.
- സൗഹൃദപരമായും സമയബന്ധിതമായും ലൈംഗികാതിക്രമ അതിജീവിതരുടെ കേസുകളിൽ തീരുമാനങ്ങൾ എടുക്കൽ, കുറ്റപ്പത്രം സമർപ്പിക്കൽ എന്നിവ ഉറപ്പാക്കുന്നതിന് അന്വേഷണ പ്രക്രിയ നിരീക്ഷിക്കുക.
- പ്രതികൾക്കെതിരെ ഫലപ്രദമായ പ്രതിരോധം സൃഷ്ടിക്കുന്നതിന് നിയമോപദേഷ്ടാവുമായി അതിജീവിതരുടെ ആശയവിനിമയം ഉറപ്പാക്കുക.
- ഉചിതമായ തിരുത്തൽ നടപടി സ്വീകരിക്കുന്നതിന്, നിയമ/നീതിന്യായ സംവിധാനങ്ങൾ അല്ലെങ്കിൽ ചൂഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സാഹചര്യങ്ങൾ മനസ്സിലാക്കൽ എന്നിവയ്ക്കായി നൽകുന്ന പിന്തുണയിലെ വിടവുകൾ തിരിച്ചറിയുക.
- കേരള ഹൈക്കോടതി പുറപ്പെടുവിച്ച ദുർബല സാക്ഷിവിസ്താര കേന്ദ്രങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി, ജുഡീഷ്യൽ നടപടികളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും പിന്തുണയും അതിജീവിതരുടെ ആവശ്യങ്ങളോട് സഹാനുഭൂതിയുള്ളതും സൗഹൃദപരവും ആണെന്ന് ഉറപ്പാക്കുക.
- ജുഡീഷ്യൽ അക്കാദമിയിലെയും പോലീസ് അക്കാദമിയിലെയും പാഠ്യപദ്ധതിയുടെ ആഴത്തിലുള്ള അവലോകനം ഉറപ്പാക്കുകയും അവരുടെ പരിശീലനത്തിൽ, ജൻഡർ സെൻസിറ്റിവിറ്റി, കേസിന്റെ രഹസ്യാത്മകത എന്നിവ ഉറപ്പാക്കുന്നതിനും, അതിജീവിതരോട്/സാക്ഷിയോട് സഹാനുഭൂതിയുള്ള സമീപനം പ്രോത്സാഹിപ്പിക്കുന്ന തിനും പിന്തുണ നൽകുക.
- അതിജീവിതർക്ക് ഇടക്കാല, അന്തിമ നഷ്ടപരിഹാരങ്ങൾ കാലതാമസം ഒഴിവാക്കി, സുഗമമായും സമയബന്ധിതമായും ലഭ്യമാക്കുന്നതിലേക്കുള്ള നടപടിക്രമങ്ങൾ ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് ഉചിതമായ ബോധവത്ക്കരണം നൽകുക.

**6. (6) കഴിവ് (ശേഷി) വർദ്ധിപ്പിക്കൽ**

അതിജീവിതരോടോ ദുർബല സാഹചര്യങ്ങളിലുള്ള വ്യക്തികളോടോ ഇടപെടുമ്പോൾ ബന്ധപ്പെട്ടവർ കാണിക്കുന്ന ധാരണ, സഹാനുഭൂതി എന്നിവയുടെ അഭാവം ആശങ്കാജനകമായ ഒരു പ്രധാന മേഖലയാണ്. ഇത് അതിജീവിതർക്ക് നീതി നിഷേധവും ആയത് ലഭ്യമാക്കാനുള്ള കാലതാമസവും മാത്രമല്ല, ഭീഷണി നേരിടുന്നവരെ സംരക്ഷിക്കുന്നതിൽ പരാജയം സംഭവിക്കുന്നതിനും കാരണമാകുന്നു. പാർശ്വവത്ക്കരിക്ക പ്പെട്ടവരെയും അവരുടെ വ്യത്യസ്തമായ ബലഹീനതകളെയും കൈകാര്യം ചെയ്യുമ്പോൾ ഈ പ്രശ്നം പ്രത്യേക പരിഗണന അർഹിക്കുന്നു. അതിജീവിതർക്ക് പിന്തുണ നൽകാൻ ഉത്തരവാദിത്വമുള്ള കൗൺസിലർമാർക്കും കെയർ ഗീവർക്കും അവർക്ക് പിന്തുണ നൽകുമ്പോൾ ഏകീകൃത ഗുണനിലവാരം ഉറപ്പാക്കുന്നതിന് പരിശീലനം നൽകേണ്ടതുണ്ട്. ലൈംഗികചൂഷണമോ പാർശ്വവത്ക്കരണമോ അഭിമുഖീകരിച്ച അതിജീവിതർക്കായുള്ള നിയമനിർമ്മാണങ്ങളുടെ അന്തസ്സത്തയെ കുറിച്ചുള്ള ശരിയായ ധാരണ, സഹാനുഭൂതിയോടെയുള്ള സമീപനം എന്നിവ സിസ്റ്റത്തിലെ നിലവിലെ പോരായ്മകൾ ഇല്ലാതാക്കുന്നതിന് നിർണ്ണായകമാണ്. സമൂഹത്തിൽ നിലവിലുള്ള പല മനോഭാവങ്ങളും ഒരു പരിവർത്തനത്തിന് വിധേയമായാൽ മാത്രമേ ഇത് സാധിക്കൂ.



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അതിനാൽ ജെൻഡർ സെൻസിറ്റിവിറ്റി, സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങളെക്കുറിച്ചുള്ള ധാരണ എന്നിവ ഒരു കുടുംബത്തിനുള്ളിലെ ഇടപെടലുകളുടെയും, മുഴുവൻ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ തന്നെയും അവിഭാജ്യഘടകമായി മാറേണ്ടതുണ്ട്. ലൈംഗികാതിക്രമ അതിജീവിതർ, പാർശ്വവത്ക്കരിക്കപ്പെട്ടവർ എന്നിവർക്കെതിരെയും ലിംഗവിവേചനത്തി നെതിരെയും, ആഴത്തിൽ വേരൂന്നിയ അവബോധങ്ങൾ നീക്കം ചെയ്യാൻ നിലവിലെ പാഠ്യപദ്ധതിയുടെ പരിഷ്കരണം എല്ലാ തലങ്ങളിലും ആവശ്യമാണ്.

അതിജീവിതർക്ക് ലഭ്യമായ പിന്തുണാസംവിധാനം മെച്ചപ്പെടുത്തുന്ന തിലൂടെയും കഴിവുകൾ വർദ്ധിപ്പിക്കുന്നതിലൂടെയും ലിംഗവിവേചനമില്ലായ്മയിലൂടെയും പൊതുസമൂഹത്തെ ശക്തിപ്പെടുത്തുന്നതിനായുള്ള ഈ നിർണ്ണായക പ്രശ്നം അഭിസംബോധന ചെയ്യുന്നതിന്, പുതിയ നയം ഇനിപ്പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ശ്രമിക്കുന്നു.

- വിവാഹപൂർവ്വ-പ്രസവപൂർവ്വ കൗൺസിലിംഗ്, സ്കൂളുകൾ, കൗമാരസൗഹൃദ ആരോഗ്യ കേന്ദ്രങ്ങൾ, രക്ഷാകർതൃ ക്ലിനിക്കുകൾ, അല്ലെങ്കിൽ പി.ടി.എ.-കൾ/എസ്.എം.സി.-കൾ എന്നിവയിലൂടെയുള്ള ബോധവത്ക്കരണങ്ങളിൽ ലിംഗ ബോധവത്ക്കരണം ഒരു പ്രധാന ഭാഗമാണ് എന്ന് ഉറപ്പാക്കുക.

- അതിജീവിതരുമായി ഇടപഴകുന്ന എല്ലാ വ്യക്തികൾക്കും പ്രത്യേകിച്ച് സ്കൂളുകളിലെ അദ്ധ്യാപക-അനധ്യാപക ജീവനക്കാർ, ട്രാൻസ്പോർട്ട് ഡ്രൈവർമാർ, പരിശീലകർ, സ്ഥാപനങ്ങളിലെ കെയർഗിവർമാർ, പോലീസ്, പ്രോസിക്യൂട്ടർമാർ, നിയമസഹായ അഭിഭാഷകർ, മെഡിക്കൽ പ്രൊഫഷണലുകൾ, സർക്കാർ, സന്നദ്ധ മേഖലകളിലെ സേവനദാതാക്കൾ എന്നിവരുമായി ഇടപഴകുന്ന ബന്ധപ്പെട്ട എല്ലാ ആൾക്കാർക്കും പരിശീലനത്തിലൂടെ ലിംഗാവബോധം വളർത്തുന്ന തരത്തിൽ ശേഷി വർദ്ധിപ്പിക്കുക.

- പ്രീസ്കൂളുകൾ, സ്കൂളുകൾ, ഉന്നതവിദ്യാഭ്യാസം (പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ) എന്നിവയുടെ പാഠ്യപദ്ധതിയുടെ ഒരു ജെൻഡർ ഓഡിറ്റ് പ്രോത്സാഹിപ്പിക്കുകയും ഉറപ്പാക്കുകയും ചെയ്യുക. അതിജീവിതർക്കായി ഇടപഴകുന്ന എല്ലാ ബന്ധപ്പെട്ടവർക്കും അവരെ കൂടുതൽ ലിംഗബോധ മുള്ളവരും സഹാനുഭൂതിയുള്ളവരുമാക്കുന്നതിനായി ഇൻഡക്ഷൻ, ഇൻസർവ്വീസ് പരിശീലനം നൽകുക.

- സർക്കാർ, അതിന്റെ എല്ലാ വകുപ്പുകളിലൂടെയും ഏജൻസികളിലൂടെയും, എല്ലാ മേഖലകളിലെയും ലിംഗഭേദത്തിന്റെയും പാർശ്വവത്ക്കരണ ത്തിന്റെയും കാരണങ്ങൾ സ്റ്റേക്ക് ഹോൾഡർമാർക്കും സമൂഹത്തിനു തന്നെയും പിന്തുടരാൻ ഒരു മാതൃകയായി മാറും.

**6. (7) റിസോഴ്സ് മാനേജ്മെന്റ്**

ലൈംഗിക ചൂഷണത്തിന് കാരണമാകുന്ന ഘടകങ്ങൾ സമൂഹത്തിൽ ആഴത്തിൽ വേരൂന്നിയതും വ്യാപകമായി പ്രചാരണത്തിലുള്ളതുമാണ്. അവയെ കൈകാര്യം ചെയ്യുന്നത് ഒരു തീവ്രമായ പ്രക്രിയയാണ്. അതിനാൽ, ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിന് സർക്കാർ, തദ്ദേശസ്വയംഭരണം, സന്നദ്ധ, സ്വകാര്യ അല്ലെങ്കിൽ കോർപ്പറേറ്റ് മേഖലകളിൽ ലഭ്യമായ സാമ്പത്തിക, മാനവ വിഭവശേഷിയും സ്ഥാപനശേഷികളും പരമാവധി ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകതയുണ്ട്.

ഈ സന്ദർഭത്തിൽ, ഇനിപ്പറയുന്ന പ്രധാന മേഖലകളിൽ നയം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

- ഏകോപനത്തിലൂടെയും സഹകരണത്തിലൂടെയും സർക്കാരിനുള്ളിലും പുറത്തും ലഭ്യമായ മാനവവിഭവശേഷിയും പ്രൊഫഷണൽ വൈദഗ്ധ്യവും വിനിയോഗിക്കുക. അപകട സാധ്യത കുറയ്ക്കുന്നതിനും മെച്ചപ്പെട്ട സംരക്ഷണത്തിനും പുനരധിവാസത്തിനും



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാരണമാകുന്ന ക്രിയാത്മകതവും സജീവവുമായ നടപടികൾ സംരക്ഷിക്കുന്നതിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ പങ്കിന് പ്രാധാന്യം നൽകണം.

- അപകടസാധ്യത കുറയ്ക്കുന്നതിനും മെച്ചപ്പെട്ട സംരക്ഷണത്തിനും, പുനരധിവാസത്തിനും കാരണമാകുന്ന ക്രിയാത്മകവും സജീവവുമായ നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ പങ്കിന് പ്രാധാന്യം നൽകണം.

- കുടുംബശ്രീ, ജെൻഡർ പാർക്ക്, വനിതകളുടെയും കുട്ടികളുടെയും സംസ്ഥാന കമ്മീഷനുകൾ, അക്കാദമിക് സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയ അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായും ഏജൻസികളുമായും അവരുടെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ പങ്കാളിത്തത്തിലേർപ്പെടുക.

- ബഡ്ജറ്റ് വിഹിതത്തിലൂടെ ലഭിക്കുന്ന സാമ്പത്തികസ്രോതസ്സുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുക. നിർഭയ ഫണ്ട്, വിവിധ വകുപ്പുകളുടെ ജെൻഡർ ബഡ്ജറ്റ്, കോർപ്പറേറ്റ് മേഖലയിലെ സി.എസ്.ആർ. ഫണ്ടുകൾ, പി.ആർ.ഐ. സ്ഥാപനങ്ങളിൽ ലഭ്യമായ ഫണ്ടുകൾ മുതലായവ പ്രയോജനപ്പെടുത്തി സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗിക ചൂഷണം ഇല്ലാതാക്കാൻ നേരിട്ടോ അല്ലാതെയോ സഹായിക്കുന്ന പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള സാധ്യതയും പര്യവേഷണം ചെയ്യുക.

**6. (8) ബോധവത്ക്കരണ പ്രവർത്തനം**

സമൂഹത്തിൽ ലൈംഗിക ചൂഷണങ്ങൾ ഉന്മൂലനം ചെയ്യാനുള്ള ശ്രമങ്ങളിലെ ഒരു പ്രധാന ഘടകം എല്ലാ മേഖലകളിലും അവബോധം സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയാണ്. ഇത് നിർണായകമാണ്. കാരണം അത്തരം ദുരുപയോഗത്തിന്റെ അടിസ്ഥാനമായ മനോഭാവങ്ങൾ സ്വകാര്യ ഇടത്തിലും, സ്വന്തം വീടുകളിലും (പരിചരണവും സംരക്ഷണവും നൽകുന്ന സ്ഥാപനങ്ങൾ ഉൾപ്പെടെ), പരമാവധി സമൂഹത്തിലും പ്രതിഫലിക്കുന്ന ദൈനംദിന ശീലങ്ങളാണ്.

ലൈംഗിക ചൂഷണം തുറന്നുകാട്ടുന്നതിൽ മാധ്യമങ്ങളും ഒരു പ്രധാന പങ്കാളിയാണ്. സെൻസേഷണൽ റിപ്പോർട്ടിംഗിലൂടെ അത്തരം ദുരുപയോഗങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തിനു പകരം, സൂക്ഷ്മമായ റിപ്പോർട്ടിംഗിലൂടെ ഒരു പ്രതിബന്ധമായി വർത്തിക്കുന്ന രീതിയിലേക്ക് മാറുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്. ലക്ഷ്യബോധത്തോടെയുള്ള അവബോധ പ്രക്രിയയിലൂടെ ഇത് പ്രാഥമികമായി പരിപോഷിപ്പിക്കാൻ കഴിയും.

യുവാക്കൾക്കിടയിൽ ലൈംഗികതയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചുള്ള അവരുടെ അജ്ഞത മൂലമാണ് ലൈംഗിക ചൂഷണത്തിന്റെ പല കേസുകളും സംഭവിക്കുന്നത് എന്നത് ഉയർന്നുവരുന്ന ആശങ്കാജനകമായ ഒരു മേഖലയാണ്. കൗമാരത്തിൽ മാത്രമായി പരിമിതപ്പെടുത്താതെ പ്രായത്തിന് അനുസൃതമായി വളരെ ചെറുപ്പം മുതൽ ലൈംഗിക വിദ്യാഭ്യാസം നൽകേണ്ടതുണ്ട്. ഇത് ലൈംഗികതയെക്കുറിച്ച് സമഗ്രമായ ധാരണ സൃഷ്ടിക്കുന്നതിനും, മുൻ വിധികളാലും തികഞ്ഞ അജ്ഞതയാലും ഉണ്ടാകുന്ന ചതിക്കുഴികൾ ഒഴിവാക്കുന്നതിനും സഹായിക്കും. ലൈംഗിക ദുരുപയോഗത്തെ നിർവചിക്കുന്ന നിയമപരമായ വ്യവസ്ഥകളെക്കുറിച്ചുള്ള അജ്ഞത, അവ കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ, ദുർബലർക്കും അതിജീവിതർക്കും ലഭ്യമായ പിന്തുണാ സംവിധാനങ്ങൾ എന്നിവയെക്കുറിച്ചുള്ള അജ്ഞത എന്നിവയും അഭിസംബോധന ചെയ്യേണ്ട മറ്റൊരു പ്രധാന പ്രശ്നമാണ്.

സ്ത്രീകളുടെയും കുട്ടികളുടെയും ലൈംഗിക ചൂഷണങ്ങൾ കൈകാര്യം ചെയ്യുന്നവരുടെയും അവകാശങ്ങളുമായി ബന്ധപ്പെട്ട ഓരോ നിയമവും, അവ നടപ്പാക്കുന്ന അല്ലെങ്കിൽ



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിരീക്ഷിക്കുന്ന അധികാരികൾ അതത് നിയമങ്ങളിലെ വ്യവസ്ഥകൾ വ്യാപകമായി പ്രചരിപ്പിക്കാൻ ബാധ്യസ്ഥരാണ്. എന്നിരുന്നാലും, ഇക്കാര്യത്തിൽ വളരെയധികം കാര്യങ്ങൾ ചെയ്യാനുണ്ട്. അതിനാൽ പുതിയ നയത്തിലൂടെ ബോധവത്ക്കരണത്തിന്റെ ഈ സുപ്രധാന വിഷയങ്ങൾ ഇനിപ്പറയുന്ന രീതിയിൽ അഭിസംബോധന ചെയ്യാൻ നിർദ്ദേശിക്കുന്നു.

- സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങളുടെ സംരക്ഷണത്തിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെക്കുറിച്ചും കുടുംബത്തിലും സമൂഹത്തിലും തുടർന്ന് വരുന്നതും പതിവായതുമായ നിരവധി ലിംഗവിവേചന സമ്പ്രദായങ്ങൾ ഉയർത്തുന്ന ഭീഷണികളെക്കുറിച്ചും എല്ലാ തലങ്ങളിലും അവബോധം സൃഷ്ടിക്കുന്നതിന് താഴെതട്ടിലുള്ള തൊഴിലാളികളും സംഘടനകളും വഴി ഐ.ഇ.സി.യുടെ വിവിധ രീതികളും ലഭ്യമായ ചാനലുകളും ഉപയോഗിക്കുക. ദുർബലവും വിദൂരവുമായ പ്രദേശങ്ങളിൽ, ഈ ലക്ഷ്യത്തിനായി രാഷ്ട്രീയ, മത, സാമൂഹിക കൂട്ടായ്മകളുടെ പ്രതിബദ്ധതയും പിന്തുണയും ഉപയോഗപ്പെടുത്തുക.

- സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള സൈബർ മീഡിയയുടെ ദുരുപയോഗം കൊണ്ടുണ്ടാകുന്ന ഭീഷണിയെക്കുറിച്ചും സ്വകാര്യത കൂടുതൽ നടപടികളെക്കുറിച്ചും അപകട സാഹചര്യങ്ങളിൽ നിന്നുള്ള സംരക്ഷണം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അവബോധം സൃഷ്ടിക്കുക.

- അതിജീവിതർക്കോ ഭീഷണി നേരിടുന്നവർക്കോ വിവിധ നിയമങ്ങൾക്ക് കീഴിൽ ലഭ്യമായ സേവനങ്ങളെയും പിന്തുണാ സംവിധാനങ്ങളെയും കുറിച്ചും അവ എങ്ങനെ ലഭ്യമാക്കാം എന്നതിനെക്കുറിച്ചും സമൂഹത്തിൽ അവബോധം ഉറപ്പാക്കുക. ഈ ആനുകൂല്യങ്ങൾ ലക്ഷ്യമിടുന്ന ഗുണഭോക്താക്കളിലേക്ക് എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിന്, വിവിധ ഏജൻസികൾ നൽകിവരുന്ന നിലവിലെ സേവനങ്ങളും ഐഇസി മെറ്റീരിയലുകളും സമഗ്രമായി സമാഹരിക്കുകയും അവയുടെ അവലോകനവും ഏറ്റെടുക്കുക.

- മാധ്യമങ്ങളിലെ ലിംഗവിവേചനപരമായ പ്രോഗ്രാമുകൾ നിരീക്ഷിക്കുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യുക. അല്ലെങ്കിൽ ഉചിതമായ തിരുത്തൽ നടപടിക്കായി നടത്തുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക; ലൈംഗിക പീഡനകേസുകളിൽ സൂക്ഷ്മമായ റിപ്പോർട്ടിംഗിന്റെ പ്രാധാന്യത്തെക്കുറിച്ചും ജെൻഡർ അതിജീവിത സെൻസിറ്റീവ് ആയിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അതിജീവിതരുടെ അന്തസ്സിനെയും രഹസ്യാത്മകതയെയും ബഹുമാനി ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും മാധ്യമങ്ങളെ ബോധവത്ക്കരിക്കുക.

- കൗമാരപ്രായത്തിൽ മാത്രം പരിമിതപ്പെടുത്താതെ വളരെ ചെറുപ്പം മുതൽ തന്നെ സ്കൂളുകളിൽ പ്രായത്തിന് അനുയോജ്യമായ ലൈംഗിക വിദ്യാഭ്യാസം നൽകുന്നതിലേക്കുള്ള നടപടികൾ സ്വീകരിക്കുക.

**6. (9) നിരീക്ഷണവും വിലയിരുത്തലും**

നിർഭയ നയത്തിന്റെ ഫലപ്രദമായ നടത്തിപ്പും ആവശ്യമെങ്കിൽ സമയബന്ധിതമായ തിരുത്തലുകളും ഉറപ്പാക്കുന്നതിന്, നയം നടപ്പാക്കുന്നതിലേക്ക് ചുമതലപ്പെട്ട നിയുക്ത അധികാരികൾ പ്രവർത്തനങ്ങൾ പതിവായി നിരീക്ഷിക്കുകയും പ്രതീക്ഷിത ഫലങ്ങളും സമയപരിധിയും വിലയിരുത്തുകയും വേണം.

സംസ്ഥാന തലത്തിൽ നിർഭയ സെൽ മുഖേന വനിതശിശുവികസന വകുപ്പ് ഈ നിരീക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. നയം നടപ്പാക്കുന്നതിലെ പുരോഗതി



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംസ്ഥാന തലത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയോഗിക്കപ്പെട്ട സമിതിയും വകുപ്പുതലത്തിൽ വനിതശിശുവികസന വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയും ജില്ലാ തലത്തിൽ ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിലുള്ള സമിതിയും അവലോകനം ചെയ്യും.

ഫലപ്രദമായ നിരീക്ഷണവും നടത്തിപ്പും ഉറപ്പാക്കുന്നതിന്, പുതിയ നയം ചുവടെ പറയുന്നവയിൽ ശ്രദ്ധ കേന്ദ്രീകരിക്കും.

- ബന്ധപ്പെട്ടവരുമായി (സ്റ്റേക്ക് ഹോൾഡേഴ്സ്) കൂടിയാലോചിച്ച് ഓരോ പ്രവർത്തനത്തിനും ഉത്തരവാദിത്വങ്ങൾ, വിഭവങ്ങൾ, സമയപരിധി എന്നിവ നിശ്ചയിച്ച് നയം നടപ്പാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി നിർഭയസെൽ തയ്യാറാക്കേണ്ടതാണ്.

- നിയുക്ത അധികാരികളുടെ ഫലപ്രദവും ക്രമവുമായ പ്രവർത്തനങ്ങളുടെ നിരീക്ഷണം കർമ്മപദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധികളുടെയും അനന്തര ഫലങ്ങളുടെയും അടിസ്ഥാനത്തിൽ ഉറപ്പാക്കുക.

- വേഗത്തിലുള്ളതും ഫലപ്രദവുമായ നിരീക്ഷണത്തിനും സമയോചിതമായ ഇടപെടലിനും ഉചിതമായ സാങ്കേതിക ഇടപെടലുകളുടെ ഉപയോഗം പര്യവേഷണം ചെയ്യുക.

- അവലോകനത്തിനായി ഈ നിരീക്ഷണ സംവിധാനത്തിന്റെ അനന്തരഫലം പതിവായി റിപ്പോർട്ട് ചെയ്യുന്നതും തെളിവ് അടിസ്ഥാനമാക്കിയുള്ള നയപരമായ തീരുമാനങ്ങൾക്കും തിരുത്തലുകൾക്കും ഫലപ്രദമായ അടിസ്ഥാനം സൃഷ്ടിക്കുന്നതും ഉറപ്പാക്കുക.

- നിർഭയനയം നടപ്പാക്കിയതിന്റെ വാർഷിക വിലയിരുത്തലും അതുമായി ബന്ധപ്പെട്ട വിവരങ്ങളും സംസ്ഥാനതല സമിതിക്കും ഹൈക്കോടതിയുടെ ജുവനൈൽ ജസ്റ്റിസ് കമ്മിറ്റിക്കും ഫലപ്രദവും ഉചിതവുമായ നടപടികൾക്കുമായി സമർപ്പിക്കുക.

**6. (10) ഗവേഷണവും വികസനവും**

നയത്തിന്റെ നടത്തിപ്പ് നിരീക്ഷിക്കുക, ലൈംഗിക ചൂഷണങ്ങൾ നേരിടാൻ ബന്ധപ്പെട്ടവർക്കിടയിൽ ഏകോപനം പ്രോത്സാഹിപ്പിക്കുക, തെളിവുകൾ അടിസ്ഥാന മാക്കിയുള്ള ഇടപെടലുകളെ പിന്തുണയ്ക്കുന്ന രീതിയിൽ സംസ്ഥാനത്തെ ലൈംഗിക കുറ്റകൃത്യങ്ങളെക്കുറിച്ച് ഒരു ഡാറ്റാബേസ് സൃഷ്ടിക്കുക എന്നിവയെല്ലാം ഉൾപ്പെടുന്ന നിർഭയസെല്ലിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ ആയതിന്റെ ശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഡാറ്റാബേസ് സൃഷ്ടിക്കുന്നതിന് വിവിധ പങ്കാളികളിൽ (സ്റ്റേക്ക് ഹോൾഡേഴ്സ്) നിന്നുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും ഇൻഹൌസ് സൗകര്യം ആവശ്യമാണ്. അത്തരം ഡാറ്റാ വിലയിരുത്താനും സംസ്ഥാനത്തെ ലൈംഗിക ചൂഷണവുമായി ബന്ധപ്പെട്ടുള്ള പ്രശ്നത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ഗവേഷണം, സർവേകൾ, പഠനങ്ങൾ തുടങ്ങിയവ നടത്താനും കഴിയുന്ന ഒരു ഗവേഷണസെല്ലും സ്ഥാപിക്കേണ്ടതുണ്ട്.

അതനുസരിച്ച് പുതിയ നയം ഇനിപ്പറയുന്നവയിൽ ശ്രദ്ധിക്കുന്നു :

- തെളിവുകൾ അടിസ്ഥാനമാക്കിയുള്ള നയരൂപീകരണം സുഗമമാക്കുന്നതിന്, വ്യത്യസ്ത തരം ലൈംഗിക ചൂഷണങ്ങളുടെയും അവയുടെ വിവിധ വശങ്ങളെക്കുറിച്ചും കൃത്യമായ ഒരു ഡാറ്റാബേസ് സൃഷ്ടിക്കുക. പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുക.



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

- സംസ്ഥാന.ത്ത് സംഭവിക്കുന്ന ലൈംഗിക ചൂഷണത്തിന്റെ നിലവിൽ വേണ്ടത്ര വിവരങ്ങൾ ലഭ്യമല്ലാത്ത വിവിധ തലങ്ങളെക്കുറിച്ചുള്ള പഠനങ്ങളും വിശകലനങ്ങളും ഏറ്റെടുക്കുക. കൂടാതെ ലൈംഗിക ചൂഷണം തടയുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും നിലവിലുള്ള സംവിധാനത്തിലെ വിടവുകൾ തിരിച്ചറിയുക.
- ഉചിതമായ തിരുത്തൽ നടപടികൾക്കായി നിയമവ്യവസ്ഥകൾക്ക് കീഴിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധികൾ പാലിക്കാതിരിക്കുന്നതിന് കാരണങ്ങൾ തിരിച്ചറിഞ്ഞ്, കൃത്യമായി സമയപരിധികൾ പാലിക്കുക.
- ഉയർന്നുവരുന്ന പ്രശ്നങ്ങളിൽ ഗവേഷണം നടത്തുന്നതിന് ഈ മേഖലയിലെ അക്കാദമിക് സ്ഥാപനങ്ങളുമായും ഏജൻസികളുമായും സഹകരിക്കുക.

**മുന്നോട്ടുള്ള വഴി**

പുതിയ നിർഭയ നയത്തിന്റെ ഫലപ്രദമായ നടത്തിപ്പ് ഹ്രസ്വ, ഇടക്കാല, ദീർഘകാല പദ്ധതികൾ ഉൾപ്പെടുന്ന കർമ്മപദ്ധതിയിലൂടെ ഉറപ്പാക്കും. കർമ്മപദ്ധതി പ്രതീക്ഷിക്കുന്ന ഫലങ്ങൾ വിശദീകരിക്കുകയും ഈ ഫലങ്ങൾക്കായി ഉത്തരവാദിത്വമുള്ള ഏജൻസികളെ തിരിച്ചറിയുകയും ചെയ്യും. നിർഭയസെൽ മുഖാന്തിരം വനിതശിശുവികസന വകുപ്പ് എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിനുമിടയിൽ ഫലപ്രദമായ ഏകോപനത്തിലൂടെയും അവലോകനത്തിനും വിലയിരുത്തലിനുമായി സിസ്റ്റത്തിലെ ഓരോ തലത്തിലും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളിലൂടെയും സമയബന്ധിതമായ നടപ്പാക്കൽ ഉറപ്പാക്കും.



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## NIRBHAYA POLICY

### 1. Background

